സ്കൂളുകളിലെ യോഗാ പരിശീലനം

344 [2403] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി:
„ പി. കെ. കെ. ബാവ:
„ സി. മോയിൻകുട്ടി:
„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.പി., യു.പി., എച്ച്.എസ്. തലങ്ങളിൽ യോഗാ പരിശീലനത്തിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിനനുസരിച്ച് സ്കൂളുകളിൽ പരിശീലനം ആരംഭിച്ചിട്ടുണ്ടോ;

(സി) യോഗാ അദ്ധ്യാപകരുടെ യോഗ്യതകൾ എന്തെല്ലാമാണ്;

(ഡി) യോഗാ അദ്ധ്യാപകരെ നിയോഗിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) നിശ്ചിത യോഗ്യതയുള്ളവരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി—ഇ) ഇത്തരത്തിലുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

കണ്ണൂർ ജില്ലയിലെ എൽ.പി./യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് ലഭിക്കേണ്ട ഒഴിവുകളിൽ ജോലി ചെയ്യുന്ന പ്രൊട്ടക്ടഡ് അദ്ധ്യാപകർ

345 [2404] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എൽ.പി./യു.പി. ടീച്ചർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകി;

(ബി) നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും ആയതിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) എൽ.പി./യു.പി. റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം ലഭിക്കേണ്ട ഒഴിവുകളിൽ എത്ര പ്രൊട്ടക്ടഡ് അദ്ധ്യാപകർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 105 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ 66 ഒഴിവുകൾ ഉണ്ട്. അതിൽ 26 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 43 ഒഴിവുകളിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്.

ഹിന്ദി കലോൽസവം സംഘടിപ്പിക്കാൻ നടപടി

346 [2405] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി അറബിക്, സംസ്കൃത കലോൽസവങ്ങൾ സംഘടപ്പിക്കുന്നതുപോലെ ഹിന്ദി കലോൽസവങ്ങളും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) രാഷ്ട്രഭാഷയായ ഹിന്ദിയിൽ പ്രസംഗിക്കുന്നതിനും, ലേഖനങ്ങളും കഥകളും, കവിതകളും എഴുതുന്നതിനും നാടകങ്ങൾ അഭിനയിക്കുന്നതിനുമുള്ള സ്കൂൾ വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സ്കൂൾ യുവജനോൽസവത്തിലെ നിലവിലുള്ള മൽസര ഇനങ്ങൾ നടത്തുന്നതിന് തന്നെ ഇപ്പോൾ മതിയായ സമയം ലഭിക്കാറില്ല. അപ്പീലുകളിലൂടേയും കോടതി വിധികളിലൂടേയും കൂടുതൽ മൽസരാർത്ഥികളെ വിവിധ ഇനങ്ങളിൽ മൽസരത്തിൽ പങ്കെടുപ്പിക്കേണ്ടിവരുന്നതുകൊണ്ട് മൽസരങ്ങൾ പലപ്പോഴും അർദ്ധരാത്രി കഴിഞ്ഞും തീർക്കാൻ പറ്റാറില്ല. രാത്രി 12 മണിക്കുശേഷം മൽസരങ്ങൾ നടത്തുവാൻ പാടില്ലെന്ന കോടതി നർദ്ദേശവും നിലവിലുണ്ട്. ഈ സാഹചര്യത്തിൽ യുവജനോൽസവത്തോടൊപ്പം ഹിന്ദി കലോൽസവം കൂടി നടത്തുന്ന കാര്യം പ്രായോഗികമല്ല.

(ബി) സംസ്ഥാന സ്കൂൾ യുവജനോൽസവത്തിൽ ഹിന്ദി പദ്യം ചൊല്ലൽ എന്ന ഒരു മൽസരം ഇനം ഇപ്പോൾ നിലവിലുണ്ട്. കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തുവാൻ ഇപ്പോൾ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly